# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആയവന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇ.കെ.എം(പി8)1100/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/11/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആയവന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഇ.കെ.എം(പി8)1100/25 തീയ്യതി: 17/11/2025

# എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 10-09-2025 | 18-09-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-09-2025 | 18-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സ്റ്റാർ പി. ജോൺ, ഓഡിറ്റ് ഓഫീസർ
ശ്രീ. നവാസ് സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുറുമി അജീഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.സി.വി.പൗലോസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അജിതകുമാരി കെ എസ് | അസി.സെക്രട്ടറി | 01-04-2024 | 31-05-2024 |
| ശ്രീമതി.മജീഷ പി.എ | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 01-06-2024 | 22-09-2024 |
| ശ്രീ.അനിൽ.ഡി | അസി.സെക്രട്ടറി | 23-09-2024 | 31-03-2025 |
| ഡോ.മാർക്ക് ജേക്കബ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.മഞ്ചു ടി വി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2024 | 11-01-2025 |
| ഡോ.അഹിത എ ഖാദർ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 12-01-2025 | 31-03-2025 |
| ഡോ.വിക്ടോ ജൂബിൻ | വെറ്റിനറി ഡോക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.രാജാബ് കെ കലാം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ഷിനോജ് വി.എസ് | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രസ്മി എൻ നമ്പൂതിരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ആയവന | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.ഷാജിനാ മൈദിൻ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ,ഏനനല്ലൂർ | 01-04-2024 | 25-08-2024 |
| ശ്രീ,മുഹമ്മദ് സാലിഹ് ടി.എസ് | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ,ഏനനല്ലൂർ | 26-08-2024 | 31-03-2025 |
| ശ്രീമതി.ഗിലുഷിൽ തോമസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| ശ്രീമതി .മഞ്ചു തോമസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീമതി.ഐഷ റസാക്ക് | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി.എലിസബത്ത് ജോർജ്ജ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-4 |
| 6 | Excess Of Income Over Expenditure തുക കൃത്യമല്ല | 1-1-5 |
| 7 | സി.എഫ്.സി. ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-10 |
| 17 | കരാറുകാരുടേയും, പ്രൊഫഷണലുകളുടേയും തൊഴിൽനികുതി ഈടാക്കിയില്ല | 1-11 |
| 18 | വെള്ളക്കരം കുടിശ്ശിക | 1-12 |
| 19 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല | 1-13 |
| 20 | ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല | 1-14 |
| 21 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 1-15 |
| 22 | മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-16 |
| 23 | ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല | 1-17 |
| 24 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. ₹1,31,143.00 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 25 | ലൈഫ് മിഷൻ-ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-19 |
| 26 | പഞ്ചായത്ത് വക വാഹനത്തിന്റെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല | 1-20 |

| | | |
|---|---|---|
| 27 | വീട് വാസയോഗ്യമാക്കൽ (ജനറൽ വിഭാഗം) മാർഗ്ഗരേഖപ്രകാരമുള്ള നിബന്ധനകൾ പാലിച്ചില്ല | 1-21 |
| 28 | വീട് വാസയോഗ്യമാക്കൽ(എസ്.സി)അർഹതപ്പെട്ട തുക അനുവദിച്ചില്ല | 1-22 |
| 29 | ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല | 1-23 |
| 30 | ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹5,24,056 നഷ്ടമായി. | 1-24 |
| 31 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-25 |
| 32 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **23.05.2025**ലെ **2(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **04.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആയവന ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആയവന ഗ്രാമ** പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**

**തീയതി: 17.11.2025**

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 13665148/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)6737964/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും, സഞ്ചയ-യിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റേയും മൂല്യത്തിന്റേയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-5 Excess Of Income Over Expenditure തുക കൃത്യമല്ല**

ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Gross Surplus / (Deficit) Of Income Over Expenditure After Prior Period Items തുക Excess Of Income Over Expenditure മുൻകൂർ തുകയുമായി ക്രമീകരിച്ച തുകയല്ല 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ B1 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-6 സി.എഫ്.സി. ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല**

സി.എഫ്.സി. ഗ്രാന്റ് തുകയുടെ വിനിയോഗം വാർഷിക ധനകാര്യ പത്രികയിലെ തുകയും സുലേഖ പ്ലാൻ ചെലവ് സ്റ്റേറ്റ്മെന്റിലെ തുകയും തമ്മിൽ ₹**31,909** ന്റെ വ്യത്യാസം ഉണ്ട്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് പഞ്ചായത്ത് കമ്മിറ്റി 02.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ബജറ്റ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിലെ 07.03.2025 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ചു.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹94,23,504.00 | ₹1,54,76,742.00 |
| വരവ് | ₹29,05,10,240.00 | ₹30,86,90,621.00 |
| ആകെ | ₹29,99,33,744.00 | ₹324167,363.00 |
| ചെലവ് | ₹29,77,98,969.00 | ₹31,42,30,408.00 |
| നീക്കിയിരുപ്പ് | ₹21,34,775.00 | ₹99,36,955.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 214-ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

<u>ബജറ്റ് റിവിഷൻ - മുന്നിരിപ്പു തുകയിലെ വ്യത്യാസം</u>

ബജറ്റ് റിവിഷനിൽ സാധാരണയായി നടപ്പ് ബജറ്റിലുള്ള വരവിലെയോ ചെലവിലെയോ ഏതെങ്കിലും ഇനങ്ങളിൽ മാത്രമാണ് മാറ്റം വരുത്താറുള്ളത്. ആയതിനാൽ റിവിഷനിൽ യഥാർത്ഥ ബജറ്റിലെ വരവിലും ചെലവിലും നീക്കിയിരുപ്പിലും വ്യത്യാസം ഉണ്ടാകുന്നുണ്ടെങ്കിലും മുന്നിരുപ്പിൽ വ്യത്യാസം വരാവുന്നതല്ല. എന്നാൽ 24-25 വാർഷിക ബജറ്റ് റിവൈസ് ചെയ്യപ്പോൾ മുന്നിരുപ്പിൽ വ്യത്യാസം വന്നിട്ടുള്ളതായി കാണുന്നു. വ്യത്യാസം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെ വിശേഷാൽ തീരുമാനം ഒന്നും തന്നെ ഉണ്ടായിട്ടുമില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹2,31,69,356.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹6,49,00,689.00 |
| ആകെ | : | ₹8,80,70,045.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹5,12,35,541.00 |
| നീക്കിയിരുപ്പ് | : | ₹3,68,34,504.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,55,22,000 | 1,55,22,000 | 1,53,48,709 | _ | 1,73,291 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 34,37,000 | 34,37,000 | 28,39,892 | - | 5,97,108 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1,70,359 | 1,70,359 | 1,45,641 | - | 24,718 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,91,81,000 | 1,91,81,000 | 1,91,81,000 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 39,92,000 | 39,92,000 | 39,91,724 | - | 276 |
| സി.എഫ്.സി – ബേസിക് (ബാങ്ക്) | 306547 | 27,27,285 | 30,33,832 | 27,00,000 | 3,33,832 | - |
| സി.എഫ്.സി – ബേസിക് (ട്രഷറി) | 0 | 348 | 348 | 0 | | 348 |
| സി.എഫ്.സി – ടൈഡ് (ബാങ്ക്) | 375592 | 57,95,500 | 61,71,092 | 47,18,188 | 14,52,904 | - |
| സി.എഫ്.സി – ടൈഡ് (ട്രഷറി) | 0 | 2,211 | 2,211 | 0 | | 2,211 |
| അവാർഡ് & ഓണേഴ്സ് സെൻട്രൽ ഗവ. 320100105 | 22,220 | 0 | 22,220 | 0 | 22,220 | - |
| എൻഎച്ച്എം 320100139 | 0 | 5,95,468 | 5,95,468 | 5,95,468 | 0 | - |
| സിഎസ്ആർ ഫണ്ട് 320100152 | 3,90,200 | 10,00,000 | 13,90,200 | 9,00,000 | 4,90,200 | - |

| | | | | | | |
|---|---|---|---|---|---|---|
| റൂറൽ ഹൗസിങ്ങ് 320100160 | 22,60,000 | 4,00,000 | 26,60,000 | 18,10,000 | 8,50,000 | - |
| ഐ.സി.ഡി.എസ്. 320100196 | 8,60,071 | 14,79,719 | 23,39,790 | 7,66,630 | 15,73,160 | - |
| ടോട്ടൽ സാനിട്ടേഷൻ 320100181 | 417677 | 0 | 417677 | 0 | 417677 | - |
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | 3,21,715 | 13,54,184 | 16,75,359 | 16,75,359 | 0 | - |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് 320100200 | 31746 | 0 | 31746 | 0 | 31746 | - |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | 747855 | 3,58,517 | 11,06,372 | 4,26,316 | 6,80,056 | - |
| ഹെൽത്ത് ഗ്രാന്റ് വെൽനസ് സെന്റർ 320100204 | 3,07,132 | 5,59,475 | 8,66,607 | 46,070 | 8,20,537 | - |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 4,591 | 0 | 4,591 | 0 | 4,591 | - |
| അദർ പർപ്പസ് ഗ്രാന്റ് 320200399 | 1,45,403 | 1,00,000 | 2,45,403 | 0 | 2,45,403 | - |
| അദർ ഗവ. ഏജൻസി ടോട്ടൽ സാനിട്ടേഷൻ 320300103 | 77,706 | 0 | 77,706 | 0 | 77,706 | - |
| അദർ ഗവ. ഏജൻസി 320300199 | 5,29,792 | 10,567 | 5,40,359 | 0 | 5,40,359 | - |
| അദർ ഫിനാൻഷ്യൽ | 33,410 | 0 | 33,410 | 0 | 33,410 | - |

| | | | | | | |
|---|---|---|---|---|---|---|
| ഇൻസ്റ്റിറ്റ്യൂഷൻ 320400199 | | | | | | |

*കുറിപ്പ്:*

. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹25,42,882.00 ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ ഗ്രാന്റ് ചെലവ്, ₹1,33,68,186.00 റവന്യൂ ചെലവും ₹19,80,523.00 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹2,98,576.00 ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ടി.എസ്.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹28,617.00 ഉൾപ്പെടുന്നുണ്ട്.

. സി.എഫ്.സി.അൺടൈഡ് ഗ്രാന്റ് വരവ്, ₹1,12,022.00 ബാങ്ക് പലിശ ഉൾപ്പെട്ട തുകയാണ്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ് ചെലവ് ₹39,63,917.00 റവന്യു ചെലവും, ₹7,54,271.00 മൂലധന ചെലവും ഉൾപ്പെട്ട തുകയാണ്.

. മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) ചെലവിൽ ₹38,74,624.00 റവന്യു ചെലവും, ₹1,17,100.00 മൂലധന ചെലവും ഉൾപ്പെട്ട തുകയാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത് എണ്ണം | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 163 | 14,60,96,644 * | 6,80,92,701 | 127 | 13 | 23 | 77.91 |

* അടങ്കൽ തുകയിൽ ജി.ഒ പ്രോജക്ട് പ്രകാരം ഉൽഭവത്തിൽ കുറവ് ചെയ്ത ₹2857716 ഉൾപ്പെട്ടിട്ടുണ്ട്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1051 | 478200 | 4,79,251 | 4,79,251 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,78,62,836 | 1,78,62,836 | 1,78,62,836 | 0 |
| ആകെ | 1051 | 1,83,41,036 | 1,83,42,087 | 1,83,42,087 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3576000.00 | 238 |
| വിധവാ പെൻഷൻ | 10198400.00 | 643 |
| വാർദ്ധക്യകാല പെൻഷൻ | 24926500.00 | 1998 |
| വികലാംഗ പെൻഷൻ | 3749000.00 | 248 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 688600.00 | 39 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2025 തീയതിയിൽ ഉച്ചയ്ക്ക് 3.30 സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹3,849.00-ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. <u>പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.</u>

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്റ്റിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്റ്റുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്റ്റുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2. <u>ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ - കാര്യക്ഷമമല്ല.</u>

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം സ്വീകരിക്കാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നതിന് കാരണം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടു മാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

3. <u>തുക എഴുതിതള്ളൽ - നടപടിക്രമം പാലിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ തിരികെ ലഭിക്കില്ല എന്ന് കണ്ട് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ അറിവില്ലാതെ പ്രയർ പിരീഡ് എക്സ്പെൻസായി എഴുതി തള്ളിയ നടപടി വാർഷിക അക്കൗണ്ട്സിന്റെ പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഈ നടപടി ഗൗരവത്തോടെ കാണേണ്ടതാണ്. പഞ്ചായത്ത് അറിയാതെ ഉദ്യോഗസ്ഥതലത്തിൽ തുക എഴുതി തള്ളുന്ന നടപടി ക്രമവിരുദ്ധമാണ്. ഭാവിയിൽ ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.

## <u>1-10 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല</u>

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204(1)എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് സ്ഥാപനം തന്നെ നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. |
|---|---|---|
| 1 | പുത്തൂക്കാരൻ ഇൻഡസ്ട്രീസ് | സി3-516/24(1), 06.03.24 |
| 2 | ടി കെ ഇൻഡസ്ട്രീസ് | സി3-531/24(2), 09.03.24 |
| 3 | ഐ ജെ പെയിന്റ്സ് | സി3-542/24(3), 14.02.24 |
| 4 | പുതയത്തുമൊളേൽ എഞ്ചിനീയറിംഗ് വർക് ഷോപ്പ് | സി3-594/24(7), 09.03.24 |
| 5 | ബയോഫോം റസിഡൻഷ്യൽ ഹോം സ്റ്റേ | സി3-643/24(9), 12.03.24 |

| | | |
|---|---|---|
| 6 | ജെ ഇ ഓട്ടോമോട്ടീവ്സ് | സി3-595/24(11), 14.03.24 |
| 7 | ഫേവിയോൺ കമ്പ്യൂട്ടേഴ്സ് | സി3-736/24(14), 15.03.24 |
| 8 | ശ്രീമുരുക മാരുതി സർവീസ് സെന്റർ | സി3-855/24(23), 23.03.24 |
| 9 | ആരോഗ്യ മെഡിക്കൽസ് | സി3-861/24(24), 23.03.24 |
| 10 | വജ്ര നാചുറൽ ബ്യൂട്ടി കെയർ & ആയുർവേദ സ്പാ | സി3-940/24(35), 26.03.24 |
| 11 | മാക്സ് ഏജൻസീസ് | സി3-630/24(46), 29.03.24 |
| 12 | മാർ ബേസിൽ സോമിൽ | സി3-724/24(49), 29.03.24 |
| 13 | സി എസ് ഓട്ടോമൊബൈൽസ് | സി3-727/24(51), 29.03.24 |
| 14 | മോട്ടോർ വേൾഡ് | സി3-614/24(52), 29.03.24 |
| 15 | കെ കെ ഇൻഡസ്ട്രീസ് | സി3-1074/24(68), 01.04.24 |
| 16 | കല്ലൻസ് കാറ്ററിംഗ് | സി3-1023/24(71), 24.04.24 |
| 17 | സൂപ്പർ വുഡ് ഹൗസ് | സി3-1345/24(79), 27.03.24 |
| 18 | ദീപം ഡെക്കറേഷൻസ് | സി3-1403/24(83), 27.03.24 |
| 19 | സ്റ്റാർ അമ്പ്രല്ല മാർട്ട് | സി3-1484/24(92), 10.06.24 |
| 20 | അഷറഫ് ടിംബർ മെർചന്റ്സ് | സി3-1489/24(94), 12.06.24 |
| 21 | എസ് എ എസ് ഇൻഡസ്ട്രീസ് | സി3-1263/24(95), 14.06.24 |
| 22 | കിസാർ ഇന്റർനാഷണൽ | സി3-1485/24(101), 19.06.24 |
| 23 | ഹിൽട്ടൺ ഇൻഡസ്ട്രീസ് | സി3-1467/24(103), 21.06.24 |
| 24 | ജജീനൻ ഗ്യാസ്ഏജൻസീസ് | സി3-1854/24(110), 28.06.24 |

| | | |
|---|---|---|
| 25 | വീനസ് അസോസിയേറ്റ്സ് | സി3-3979/24(163), 31.12.24 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/16.09.2025) തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 കരാറുകാരുടേയും, പ്രൊഫഷണലുകളുടേയും തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)എ(I), (Ii) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 2024-25 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 36 മരാമത്ത് പ്രവൃത്തികൾ കരാർ നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. കൂടാതെ, ആർക്കിടെക്ട്സ്, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 2/15.09.2025) കരാറുകാരിൽ നിന്നും, പ്രൊഫഷണലുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും, ആർക്കിടെക്ട്സ്, അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ് തുടങ്ങിയ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വെള്ളക്കരം കുടിശ്ശിക

ഗ്രാമ പഞ്ചായത്തിന്റെ വൗച്ചർ ഫയൽ പരിശോധിച്ചതിൽ 2025 മാർച്ചിൽ ₹29118.00 വെള്ളക്കരം ഇനത്തിൽ അടവാക്കിയിട്ടുണ്ട്. ബിൽ പരിശോധിച്ചതിൽ 28-02-2025-ൽ ₹42324524.00 Closing Balance ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ഫൈൻ ആയി ₹8302026.00 രേഖപ്പെടുത്തിയിട്ടുണ്ട്. തൻമാസത്തെ ഡിമാൻഡ് ആയി ₹29118.00 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വെള്ളക്കര കുടിശ്ശിക സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട് നം.145/24–പ്രകാരം കേരള വാട്ടർ അതോറിറ്റിയിലേക്ക് ₹488000.00 16-12-2023-ൽ കൈമാറിയിട്ടുണ്ട്. പൊതു ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വേണ്ടിയാണ് മേൽ പ്രൊജക്ടിന് തുക കൈമാറിയിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മേൽ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. പൊതു ടാപ്പുകൾ കട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/17-09-2025) ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്ത് നിലവിൽ 24 എണ്ണത്തിന് മാത്രം പ്രതിമാസം 29118 രൂപ അടവാക്കുന്നുണ്ട് എന്ന് മറുപടി നൽകി. 16-12-2023-ൽ തുക നൽകിയിട്ടും ടാപ്പുകൾ കട്ട് ചെയ്ത് ആയത് ക്രമീകരിച്ചത് 2024 ഒക്ടോബർ മുതലാണ്. ഇപ്രകാരം കാലതാമസം വന്നത് കാരണം പഴയ നിരക്കിൽ തന്നെ വാട്ടർ ചാർജ്ജ് കണക്കാക്കി വലിയ തുക ഈ ഇനത്തിൽ ബാധ്യതയാവുകയും ചെയ്തു.

2. ഫെബ്രുവരി 2025-ലെ ബിൽ പ്രകാരം 31-01-2025-ലെ Closing Balance ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹41510290.00 ആണ്. തൊട്ടടുത്ത മാസം ഫൈൻ ഇനത്തിൽ ₹814234.00 വർദ്ധിച്ച് ₹42324524.00 ആയി. ഇപ്രകാരം പ്രതിമാസം ഫൈൻ ഇനത്തിൽ വലിയ തുക വരികയും, 2024-25 അവസാനം ₹42324524.00 കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വലിയ തുക കുടിശ്ശിക വന്നത് സംബന്ധിച്ച് വിശദീകരണം അറിയിക്കേണ്ടതാണ്. 2024 നവംബർ മാസം മുതലാണ് 2024-25 വർഷത്തെ വെള്ളക്കരം അടച്ച് തുടങ്ങിയത്. 31-10-2024-ൽ Closing Balance ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹39160310.00, ഫൈൻ ആയി ₹7682024.00 ആണ്. ഓരോ മാസവും വലിയ തുകകൾ ഫൈൻ ആയി വാട്ടർ അതോറിറ്റിയുടെ ബില്ലിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. 02-09-2024 ലെ കമ്മിറ്റി മിനുട്ട്സിൽ (അജണ്ട-3(1)) ആയവന ഗ്രാമ പഞ്ചായത്തിലെ ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന് സംയുക്ത പരിശോധന നടത്തിയതിൽ 332-ടാപ്പുകളിൽ 24-മാത്രം നിലനിർത്തിയാൽ മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ആയതിന് ആവശ്യമായ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ ബില്ലിൽ 142-ടാപ്പുകളുടെ ബിൽ തുക വന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊതു ടാപ്പുകൾ മിക്കതും തകരാറിലായതായും കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. 2024 സെപ്റ്റംബർ വരെയുള്ള ബില്ലുകളിൽ 142-സ്ട്രീറ്റ് ടാപ്പുകളുടെ ബിൽ വിവരം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വിവരങ്ങൾ പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുക ഫൈൻ ആയിട്ടും, വലിയ തുക (കമ്മിറ്റിയുടെ കണ്ടെത്തൽ പ്രകാരം ഉപയോഗിക്കാത്തവയ്ക്ക് പോലും വെള്ളക്കരം നൽകി വരുന്നു) കുടിശ്ശികയായിട്ടും ഉണ്ട്. ഇപ്രകാരം വലിയ തുക കുടിശ്ശിക വന്നത് ക്രമീകരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി (നം.18/17.09.2025) ക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ കുടിശ്ശികയായി രേഖപ്പെടുത്തിയ തുകയിൽ 4800000 രൂപയോളം വാട്ടർ അതോറിറ്റി അധികമായി കൈപ്പറ്റിയിട്ടുള്ളതാണെന്നും, വാട്ടർ അതോറിറ്റിയുടെ തിരുവനന്തപുരം ആസ്ഥാന ഓഫീസിലേക്ക് വിശദാംശങ്ങൾ സമർപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ വലിയ സാമ്പത്തിക ബാധ്യത വരുന്ന കാര്യമായതിനാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി, തുക അധികമായി വാട്ടർ അതോറിറ്റിയിൽ ചെന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുള്ള രേഖകൾ സഹിതം സർക്കാർ തലത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയോ അതല്ലെങ്കിൽ മേൽ തുക ക്രമീകരിക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരമുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് 16.09.2025-ൽ നൽകിയ 15-ാം നമ്പർ അന്വേഷണകുറിപ്പിന് ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് ഗ്രാമപഞ്ചായത്തിൽ നാളിതുവരെ

നടത്തിയിട്ടില്ലെന്നും, വരും നാളുകളിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് | നീക്കിയിരുപ്പ് |
|---|---|---|
| 1 | അവാർഡ് & ഓണേഴ്സ് സെൻട്രൽ ഗവ. 320100105 | ₹22220.00 |
| 2 | ടോട്ടൽ സാനിട്ടേഷൻ 320100181 | ₹417677.00 |
| 3 | ബെസ്റ്റ് പഞ്ചായത്ത് അവാർഡ് 320100200 | ₹31746.00 |
| 4 | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | ₹4591.00 |
| 5 | അദർ ഗവ. ഏജൻസി ടോട്ടൽ സാനിട്ടേഷൻ 320300103 | ₹77706.00 |
| 6 | അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ 320400199 | ₹33410.00 |

ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ നടപ്പുവർഷം തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 16/16.09.25) നൽകിയിരുന്നു. ഈ ഹെഡുകളിൽ അവശേഷിക്കുന്ന തുകകൾ മുൻവർഷങ്ങളിലെ ലെഡ്ജറുകൾ പരിശോധിച്ച് ആവശ്യമായ ജേണൽ എൻട്രി വരുത്തി 2025-26 സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കുന്നതാണ് എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

| | |
|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| പ്രോജക്ട് നം | 100/25(New) |
| അടങ്കൽ | ₹300000.00(Development Fund General ) |
| ചെലവ്, ബിൽനം., തീയതി | ₹210000.00 (692/24.3.25-2412075200020196785) |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്തിന്റ വിവിധ വാർഡുകളിലെ കെ.എസ്.ഇ.ബി ബോർഡ് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകളിൽ നിലവിലുള്ള തെരുവുവിളക്കുകൾക്ക് മെയിന്റനൻസ് കോൺട്രാക്ട് നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണ്. (LED Set 18W Repairing And Resetting)814x369(Unit Rate)=300366/-24.3.25-ലെ Tax Invoice പ്രകാരം)പഞ്ചായത്തിലെ 14-വാർഡുകളിലായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തിയ വകയിൽ കരാറുകാരന് പദ്ധതി തുകയുടെ 70% മാത്രമേ ടി സാമ്പത്തിക വർഷം അനുവദിക്കാവൂ എന്ന് പഞ്ചായത്ത് കമ്മിറ്റി 15/03/25-ലെ 01/01-നമ്പർ തീരുമാനം എടുത്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നടത്തിപ്പിനായി വാർഡ് തലത്തിലെ ആവശ്യകത പരിശോധിച്ച് പഞ്ചായത്തും, കെ.എസ്.ഇ.ബി അധികൃതരും സംയുക്തമായി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പദ്ധതി നടത്തിപ്പിനായി ഏതൊക്കെ വാർഡുകളിലാണ് പ്രവൃത്തി നടപ്പിലാക്കി പൂർത്തീകരിച്ചതെന്ന് വ്യക്തമല്ല.

3. തുക കരാറുകാരന് കൈമാറിയെങ്കിലും കരാറുകാരൻ ഏതൊക്കെ പ്രവർത്തി പൂർത്തീകരിച്ചെന്നും വാർഡ് തല സമിതി വിലയിരുത്തിയിട്ടില്ല.

4. പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയപ്പോൾ വാർഷിക പരിപാലന കോൺട്രാക്ട് (AMC) ഇല്ലാതെയാണ് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ആയതിനാൽ പ്രവർത്തിയിന്മേൽ കരാറുകാരനിൽ നിന്നും ഒരു തരത്തിലുമുള്ള ഗ്യാരണ്ടിയും ഉറപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

5. പഞ്ചായത്ത് മുഴുവനായി ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് കരാറുകാരന് തുക കൈമാറിയിരിക്കുന്നത്. ഓരോ വാർഡിലും പൂർത്തീകരിച്ച പ്രവർത്തി ഏതെന്നോ, വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലുകളോ, പ്രവൃത്തി പൂർത്തീകരിച്ചതിന്റ തെളിവായി ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/16.09.2025) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ വന്ന മേൽ അപാകതകൾ തുടരുന്നതിനാൽ ടിയിനത്തിൽ ചെലവവഴിച്ച ₹210000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-16 മുൻകൂർ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.-18 ഷെഡ്യൂളിൽ (460500201) പ്രകാരം ആകെ 598003/-രൂപയുടെ മുൻകൂർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ (പേജ് 82 )പരിശോധിച്ചതിൽ 2017 മുതലുള്ള മുൻകൂർ ക്രമീകരിക്കാത്തതായി അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ തുക നൽകിയ ഏജൻസി | തുക | തീയതി |
|---|---|---|---|
| 1 | 93/18- കേരള വാട്ടർ അതോറിറ്റി | 8323/- | 08-11-2017 |
| 2 | 175/18 - കേരള വാട്ടർ അതോറിറ്റി | 1680/- | 16-03-2018 |
| 3 | 111/19- കേരള വാട്ടർ അതോറിറ്റി | 100000/- | 21-12-2019 |

| | | | |
|---|---|---|---|
| 4 | 145/24 - കേരള വാട്ടർ അതോറിറ്റി | 488000 | 16-12-2023 |
| - | ആകെ - | 598003/- | - |

ഏഴ് വർഷത്തോളം കാലപ്പഴക്കമുള്ള മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/16.9.2025) ലഭ്യമാക്കിയ മറുപടിയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു. മുൻകൂർ ക്രമീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഗ്രാമ പഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ (പേജ്-44) പരിശോധിച്ചതിൽ 340200103 ഹെഡ് പ്രകാരം വാട്ടർ കണക്ഷൻ ഡെപ്പോസിറ്റ് ആയി ആകെ 8000/- രൂപയും, റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് (പേജ് 46) ആയി 6000/- രൂപയും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുകകൾ 2020-21 വർഷം ഡെപ്പോസിറ്റ് ആയി ലഭിച്ച തുകകൾ ആണ്. വാർഷിക ധനകാര്യ പത്രികയുടെ ബി-7 ഷെഡ്യൂളിൽ ആയത് ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിശദ വിവരങ്ങളും ആയത് കാലഹരണപ്പെട്ടതാകയാൽ ഗ്രാമ പഞ്ചായത്തിലേക്ക് വകയിരുത്താൻ ചെയ്ത നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/16.09/2025) ലഭ്യമാക്കിയ മറുപടിയിൽ ഡെപ്പോസിറ്റ് തുകകൾ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-18 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. ₹1,31,143.00 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | എസ്.0091/24 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ, ഫണ്ട് | ₹3,00,000.00<br>മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് | ₹3,00,000.00 |
| യുടിആർ നം. | RBI0452532798850 /13.02.2025 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ ഭാഗമായി M/S ഹോംകോ ലിമിറ്റഡിന് ₹3,00,000/- മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ₹1,68,857.00 തുകയ്ക്കുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ഡിസ്പെൻസറിയിൽ ലഭ്യമായിട്ടുള്ളൂ. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻകൂർ നൽകിയ തുക | ₹3,00,000.00 |
| ലഭ്യമായ മരുന്നിന്റെ വിവരം | |
| ഇൻവോയ്സ് നം. HOMCO/DN/20250902/2320 | ₹1,68,857.00 |

| | |
|---|---|
| ഇനിയും ലഭ്യമാകുവാനുള്ള മരുന്നിന്റെ മൂല്യം | ₹1,31,143.00 |

M/S ഹോംകോ ലിമിറ്റഡുമായി കരാറിൽ ഏർപ്പെടാതെയാണ് മുൻകൂറായി പണം നൽകിയിട്ടുള്ളത് എന്ന് കാണുന്നു. മരുന്നുകൾ സമയബന്ധിതമായും പൂർണ്ണമായും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും മരുന്ന് യഥാസമയം ലഭിക്കാത്തത് രോഗികളായ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/16.09.2025) ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊള്ളാമെന്നും രോഗികളായ ഗുണഭോക്താക്കൾക്ക് മരുന്ന് നൽകുന്നതിന് തടസ്സം നേരിടുന്നില്ല എന്നും മറുപടി അറിയിച്ചിട്ടുണ്ട്. ബാക്കി മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതിന് വിധേയമായി ₹1,31,143.00 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് മിഷൻ-ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ഭവന നിർമ്മാണത്തിന്റെ ഗുണഭോക്തൃ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയതിന് ശേഷം നാളിതുവരെയായി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | പേര് | ആദ്യ ഗഡു/ കൈപ്പറ്റിയ തീയതി | വിഭാഗം | രജിസ്റ്റർ പേജ് നം. | കരാർ വച്ച തീയതി |
|---|---|---|---|---|---|
| 1 | ബിനിലാൽ രാമകൃഷ്ണൻ | ₹40000/-04-10-2021 | എസ്.സി | 13 | 18-01-2021 |
| 2 | ജയൻ കെ.കെ. | ₹40000/-09-12-2022 | എസ്.സി | 20 | 17-03-2022 |
| 3 | പഞ്ചമി അജീഷ് | ₹40000/-18-01-2023 | എസ്.സി | 22 | 12-12-2022 |
| 4 | സി കൃഷ്ണൻകുട്ടി | ₹40000/-17-01-2024 | എസ്.സി | 23 | 17-01-2024 |
| 5 | ദിനേഷ് പി.കെ. | ₹40000/-29-08-2024 | എസ്.സി | 23 | 13-07-2023 |
| 6 | മനോജ് | ₹40000/-28-03-2023 | എസ്.സി | 7 | 09-02-2023 |
| 7 | ബാബു | ₹40000/-31-03-2023 | എസ്.സി | 9 | 31-01-2023 |
| 8 | സരസ്വതി മാധവൻ | ₹40000/-30-03-2023 | എസ്.സി | 10 | 28-02-2023 |
| 9 | ബീമാ പി.ഇ. | ₹40000/-14-07-2023 | ജനറൽ | 23 | 27-06-2023 |

| | | | | | |
|---|---|---|---|---|---|
| 10 | ഹാജിറ മൈതീൻ | ₹40000/-29-11-2023 | ജനറൽ | 32 | 29-11-2024 |

ഗുണഭോക്താവ് ഗ്രാമ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പത്രിക പ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്റർ/ഫയൽ പരിശോധിച്ചതിൽ 2021 വർഷം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പോലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കെതിരെ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/17.09.2025) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളെ കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 പഞ്ചായത്ത് വക വാഹനത്തിന്റെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായിരുന്ന KL-17F–1340 വാഹനം ഉപയോഗയോഗ്യമല്ലായെന്നും, വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും വാഹനത്തിന്റെ ബന്ധപ്പെട്ട ഫയലിൽ പരാമർശമുണ്ട്. 17-06-2023-ൽ 15 വർഷം പൂർത്തിയായ ഈ വാഹനത്തിന് പകരമായി ഗ്രാമ പഞ്ചായത്തിൽ നിലവിൽ പുതിയ വാഹനം വാങ്ങി ഉപയോഗിച്ച് വരുന്നുണ്ട്. എന്നാൽ പഴയ വാഹനം ലേലം ചെയ്യുന്നതിനുള്ള തുടർ നടപടികൾ ത്വരിതപ്പെടുത്താതെ വാഹനം നിലവിൽ പഞ്ചായത്തിന്റെ എം.സി.എഫിനോട് ചേർന്ന് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. വാഹനം ലേലം ചെയ്യുന്നത് സംബന്ധിച്ച നിലവിലെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണന്ന് വ്യക്തമാക്കി എൻക്വയറി നം.13/16.09.2025-നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിന്റെ ലേലം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ട സൈറ്റിൽ സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ വാഹന ലേലം ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ വാഹനം ഗ്രാമ പഞ്ചായത്തിന്റെ MCF ൽ ആണ് ഇട്ടിരിക്കുന്നത്. വാഹനം നശിച്ച് പോകാൻ സാധ്യതയുള്ളതിനാൽ മേൽ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരികയും തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ (ജനറൽ വിഭാഗം) മാർഗ്ഗരേഖപ്രകാരമുള്ള നിബന്ധനകൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് നം./ പേര് | 59/25, വീട് വാസയോഗ്യമാക്കൽ (ജനറൽ വിഭാഗം) |
| അടങ്കൽ | ₹2115000.00(Cfc),₹35000.00(Plan Fund) |
| ചെലവ് | ആകെ - ₹2150000.00<br>1.24120252094001190006/17-01-2025- 35000.00 (Plan Fund)<br>2.451/17-01-2025 – 90000.00<br>3.452/17-01-2025 – 100000.00<br>4.465/23-01-2025 – 50000.00<br>5.481/28-01-2025 – 150000.00<br>6.501/04-02-2025 – 125000.00 |

| | |
|---|---|
| | 7.509/10-02-2025 – 175000.00<br>8.540/17-02-2025 - 175000.00<br>9.563/04-03-2025 – 375000.00<br>10.577/07-03-2025 – 350000.00<br>11.619/14-03-2025 – 75000.00<br>12. 627/14-03-2025 – 100000.00<br>13. 674/22-03-2025 – 175000.00<br>14. 675/22-03-2025 – 50000.00<br>15. 687/24-03-2025 – 125000.00 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

വീട് വാസയോഗ്യമാക്കൽ പ്രൊജക്ക് പ്രകാരം ജനറൽ വിഭാഗത്തിൽ ആകെ 43 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം ആകെ 2150000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഇനം 6.7-ൽ ഭവന നിർമ്മാണം – പുനരുദ്ധാരണം – വയറിംഗ് എന്ന ഇനത്തിൽ വീട് വാസയോഗ്യമാക്കൽ ജനറൽ വിഭാഗത്തിന്റെ നിബന്ധനകളിൽ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ക് ഫയലുകളിൽ ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ലാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16.09.2025) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിനു പകരം എൽ.എസ്.ജി.ഡി. ഓവർസിയർ സ്ഥലം സന്ദർശിച്ച് ഗുണഭോക്താവിന്റെ അംഗീകാരത്തോടെ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളതെന്നറിയിച്ചു.

2.മാർഗ്ഗരേഖ പ്രകാരം ജനറൽ വിഭാഗത്തിന് പരമാവധി ₹100000.00 നൽകാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2024-25 വർഷം 43 ഗുണഭോക്താക്കൾക്ക് ₹50000.00 വീതം ആണ് അനുവദിച്ചത്. മാർഗ്ഗരേഖ പ്രകാരം ₹100000.00 നൽകാം എന്ന് പറഞ്ഞിട്ടുള്ളപ്പോൾ ₹50000.00-ൽ ലിമിറ്റ് ചെയ്തിരിക്കുന്നു. ഓഡിറ്റ് എൻക്വയറി നം.11/16.09.2025 നുള്ള മറുപടിയിൽ 50000 രൂപ നൽകാൻ ആണ് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളത് എന്നും, ആവശ്യമായ മാറ്റങ്ങൾ വരും വർഷങ്ങളിൽ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3.അപേക്ഷയോടൊപ്പമുള്ള എൽ.എസ്.ജി.ഡി. ഓവർസിയറുടെ വാല്യുവേഷൻ പരിശോധിച്ചതിൽ വീടുകളുടെ മേൽക്കൂര നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ക്രമ നം. 42, രത്നമ്മ വിജയൻ, മുത്ത്യാരുകുന്നേൽ എന്ന ഗുണഭോക്താവ് റൂഫിംഗ് പ്രവൃത്തി ആണ് ചെയ്തിരിക്കുന്നത്. മാർഗ്ഗരേഖയിലെ ഇനം.3 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ വേണ്ടി പ്രത്യേകം നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള നിബന്ധനകളിൽ നിന്നും വ്യതിചലിച്ചാണ് പ്രൊജകട് നിർവ്വഹണം നടത്തിയത്. മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ക് വിഭാവനം ചെയ്യുന്ന രീതിയിൽ പ്രൊജക്ക് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വീട് വാസയോഗ്യമാക്കൽ(എസ്.സി)അർഹതപ്പെട്ട തുക അനുവദിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 64/25,വീട് വാസയോഗ്യമാക്കൽ (ജനറൽ വിഭാഗം) |
| അടങ്കൽ | ₹750000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹585000.00<br>1.436/14-01-2025 – ₹30000.00<br>2.504/04-02-2025 -₹75000.00<br>3. 510/11-02-2025 -₹45000.00<br>4. 559/27-02-2025 -₹30000.00<br>5.573/07-03-2025 -₹30000.00<br>6.565/07-03-2025 -₹75000.00<br>7.618/13-03-2025 – ₹30000.00<br>8.651/19-03-2025 – ₹45000.00<br>9.694/25-03-2025 -₹45000.00<br>10.698/25-03-2025 -₹30000.00<br>11.715/28-03-2025 -₹75000.00<br>12.716/29-03-2025 - ₹75000.00 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഏനാനല്ലൂർ) |

വീട് വാസയോഗ്യമാക്കൽ പ്രൊജക്ട് പ്രകാരം എസ്.സി വിഭാഗത്തിൽ ആകെ 9 ഗുണഭോക്താക്കൾക്ക് ₹75000.00 വീതം ആണ് വിതരണം ചെയ്തത്. ആകെ ₹585000.00 തൻവർഷം ചെലവുണ്ട്. (₹90000.00 2025-26-ൽ ആണ് കൈമാറിയിട്ടുള്ളത്). പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ഇനം 6.7ലെ നിബന്ധന അനുസരിച്ച് ഭവന നിർമ്മാണം - പുനരുദ്ധാരണം - വയറിംഗ് എന്ന ഇനത്തിൽ വീട് വാസയോഗ്യമാക്കലിന് എസ്.സി. വിഭാഗത്തിന് പരമാവധി ₹150000.00 നൽകാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രൊജക്ട് പ്രകാരം ₹75000.00-ൽ തുക പരിമിതപ്പെടുത്തിയിരിക്കുന്നു. തൻവർഷം തന്നെ ₹165000.00 ചെലവഴിക്കാൻ ബാക്കിയാവുകയും ചെയ്തു. ഗുണഭോക്താക്കൾ തയ്യാറാക്കി സമർപ്പിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം ₹150000.00 വരെയും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും (ബിന്ദു ശിവൻ പുറമനപറമ്പിൽ, ഏനാനല്ലൂർ) ഇപ്രകാരം ലിമിറ്റ് ചെയ്തതിന് വിശദീകരണം അറിയിക്കേണ്ടതാണന്ന് വ്യക്തമാക്കി നം.12/16.09.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി നിർദ്ദേശപ്രകാരമാണ് 75000 രൂപ വീതം വകയിരുത്താൻ

തീരുമാനിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതും, വരും വർഷങ്ങളിൽ തുക കൂടുതൽ വകയിരുത്തി പോരായ്മ പരിഹരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അർഹമായ നിരക്കിൽ ലഭ്യമാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-23 ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തില്ല

മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവർത്തികളിൽ മെറ്റീരിയൽ സപ്ലൈ ഉൾപ്പെടെ ചെയ്തിട്ടുള്ള കരാറുകൾക്ക് തുക നല്കിയപ്പോൾ നിയമാനുസൃത ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. 2017-ലെ CGST ACT സെക്ഷൻ 51 പ്രകാരം സപ്ലൈ ഓർഡർ നല്കിയ 2.5 ലക്ഷം രൂപയ്ക്കുമേലുള്ള (ജി.എസ്.ടി ഒഴികെ) വാങ്ങലുകൾക്കും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കി ബാക്കി തുക മാത്രമാണ് സപ്ലൈയർക്ക് നല്കേണ്ടതെന്ന് വ്യക്തമാക്കുന്നു. സാധനസാമഗ്രികളുടെ വിതരണക്കാർ നികുതി തുക നേരിട്ട് പഞ്ചായത്തിൽ ഒടുക്കുന്നത് ഉറപ്പ് വരുത്തി മാത്രം കരാർ തുക അനുവദിക്കാവു എന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ 30.07.2019-ലെ നം.957/ഇ.ജി.എസ്.സി/*16*/ആർ.ഇ.ജി.എസ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ നിന്നും ഇത്തരത്തിൽ ജി.എസ്.ടി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല. അളവ് പുസ്തകത്തിൽ ഉൾപ്പെടുത്തി തുക കൈമാറിയിട്ടുള്ള ഡിസ്പ്ലേ ബോർഡ്, വിദഗ്ദ, അവിദഗ്ദ തൊഴിലാളികളുടെ കൂലി എന്നിവ കിഴിച്ച് മെറ്റീരിയൽസിന്റെ വില മാത്രമേ താഴെ ഉൾപ്പെടുത്തിയിട്ടുള്ളു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്,നം | അളവ് പുസ്തകം, ചെലവ് | ഈടാക്കേണ്ട ജി.എസ്.ടി നിരക്ക് 2% |
|---|---|---|---|
| 1 | ആശ്രമം പെരുക്ക് കൊറ്റാംഞ്ചേരിതാഴം റോഡ് കോൺക്രീറ്റ്, വാർഡ്-6, RC-405677 | 189/24-25, 394231/- | ₹7885/- |
| 2 | കടുംപിടി പുറമനപ്പറമ്പ് റോഡ് കോൺക്രീറ്റ്, വാർഡ്-2, RC-405547 | 188/24-25, 388880/- | ₹7778/- |
| ആകെ | - | - | ₹15663/- |

ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് എൻക്വയറി നം.6/16.09.2025 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 17.09.2025-ന് സെക്രട്ടറി നല്കിയ മറുപടിയിൽ കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ജി.എസ്.ടി. തുക സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത് മെറ്റീരിയൽ തുക കരാറുകാരന് അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹5,24,056 നഷ്ടമായി.

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹58,12,681 തിരികെ ലഭിക്കുവാനുണ്ട്. ഈ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. തീയതി | തുക | റിഡംപ്ഷൻ നടത്തിയ അക്കൗണ്ട് |
|---|---|---|
| 22300825/31.3.2024 | ₹52,88,625 | തനത് ഫണ്ട് എൽ.ജി.ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും മുൻ വർഷത്തിൽ റിഡംപ്ഷൻ നടത്തിയത് |
| 22300826/31.3.2024 | ₹5,24,056 | സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയത് |
| ആകെ | ₹58,12,681 | |

ഈ തുകകളിൽ 14-10-2024ൽ 1240000107 രസീത് നമ്പർ പ്രകാരം ₹52,88,625 തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയ ₹5,24,056 നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുകയാണ്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക ഇനി തിരികെ ലഭിക്കാൻ സാദ്ധ്യതയില്ല. യഥാസമയം തുക വിനിയോഗിക്കാതിരുന്നതിനാൽ ഈ തുക പഞ്ചായത്തിന് നഷ്ടമായിട്ടുള്ളതാണ്.
പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് തുകകൾ നഷ്ടമാക്കാതെ യഥാസമയം തന്നെ നിർദ്ദിഷ്ട ആവശ്യത്തിനു വേണ്ടി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

ജലജീവൻ മിഷൻ പദ്ധതിയ്ക്കായി ആയവന ഗ്രാമപഞ്ചായത്ത് നാളിതുവരെ തുക വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടില്ല. സഉ(സാധാ)നം.4584/20/ധന തീയതി 10/08/2020 പ്രകാരം പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാത്ത പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഈ രീതിയിൽ പദ്ധതി നടപ്പാക്കാൻ സാധ്യത പരിശോധിക്കാവുന്നതാണ്.

## 1-26 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ₹4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ₹70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി

നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് **ആയവന** ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്ററേഴ്സ് | - | | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ് (ബി) പി.എച്ച്.സി | | *₹1,79,875* *+Int: ₹2,240* ***₹1,82,115*** | *₹8,10,000* *+Int: 11,326* ***₹8,21,326*** | *₹3,38,000* *+Int: 20,517* ***₹3,58,517*** |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ് | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി, സി.എച്ച്.സി | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | - | *₹55,000* *+Int: 744* ***₹55,744*** | *₹3,46,000* *+Int: 3,849* ***₹3,49,849*** | *₹5,51,000* *+Int: 8,475* ***₹5,59,475*** |

*കുറിപ്പ്:* 2021-22-ലെ ഗ്രാന്റ് 2022-23-ലും 2022-23-ലേത് 2023-24-ലും 2023-24-ലേത് 2024-25-ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. | - | - | - | - |

| | | | | | |
|---|---|---|---|---|---|
| | (എ) സബ് സെന്ററേഷ് | | | | |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. | - | ₹1,45,869 | ₹1,09,717 | ₹4,26,316 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ് | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഷ്, പി.എച്ച്.സി, സി.എച്ച്.സി | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഷ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | - | ₹55,000 | ₹43,461 | ₹46,070 |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ് (ബി) പി.എച്ച്.സി | | | | |
|---|---|---|---|---|
| പ്രോജക്ട് | ചെലവ് | | | |
| | 2021-22 | 2022-23 | 2023-24 | 2024-25 |
| കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | ₹1,45,869 | ₹1,09,717 | ₹4,26,316 |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഷ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | | | | |
| കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | - | ₹55,000 | ₹43,461 | ₹46,070 |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആയവന ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഷ് ഇന്റു ഹെൽത്ത് |
|---|---|---|

| | പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി. (320100202) Indian Overseas Bank A/C No.190701000007481 | ആന്റ് വെൽനെസ് സെന്റർ. (320100204) Indian Overseas Bank A/C No.190701000007419 |
|---|---|---|
| മുന്നിരുപ്പ് | ₹7,47,855 | ₹3,07,132 |
| വരവ് (പലിശ ഉൾപ്പെടെ) | ₹3,58,517 | ₹5,59,475 |
| ആകെ | ₹11,06,372 | ₹8,66,607 |
| ചെലവ് | ₹4,26,316 | ₹46,070 |
| നീക്കിയിരുപ്പ് | ₹6,80,056 | ₹8,20,537 |

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ)

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 12 | ₹70,000 | ₹64,000 | ₹6,000 | ₹6,000 04/2025 ൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. |

11 ജീവനക്കാർ X ₹500 X 4മാസം = ₹22,000
12 ജീവനക്കാർ X ₹500 X 8മാസം = ₹48,000

2.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

3.മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4.മെഡിസെപ് പ്രീമിയം ഒടുക്ക്-റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | ₹17,500 | നെൽക്കൃഷിക്ക് കൂലിചെലവ് (S0041/25) | ₹17,500 | 0 |
| | 2024-25 | ₹2,93,353 | ലൈഫ് ഭവനപദ്ധതി എസ്.സി.(S0115/25) | ₹2,93,353 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | ₹1,50,000 | ലൈഫ് ഭവനപദ്ധതി എസ്.സി.(S063/25) | ₹1,50,000 | 0 |
| | 2024-25 | ₹6,50,000 | ലൈഫ് ഭവനപദ്ധതി ജനറൽ (S0057/25) | ₹6,50,000 | 0 |
| | 2024-25 | ₹3,90,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0015/25) | ₹3,90,000 | 0 |
| | 2024-25 | ₹3,45,000 | പാലിന് സബ്സിഡി (S0097/25) | ₹3,45,000 | 0 |
| | 2024-25 | ₹2,00,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0077/25) | ₹2,00,000 | 0 |
| | 2024-25 | ₹6,00,000 | ആവോലി കോൽച്ചിറ റോഡ് അറ്റകുറ്റപണി (S0071/25) | ₹6,00,000 | 0 |
| | 2024-25 | ₹6,00,000 | ആയവന പുല്ലാന്തികുടി കാരിമറ്റം കോളനി റോഡ്അറ്റകുറ്റപണി (S0056/25) | ₹6,00,000 | 0 |
| ആകെ | | ₹32,45,853 | - | ₹32,45,853 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | ₹30,000 | കാരുണ്യസ്പർശം – ഡയാലിസിസ് രോഗികൾക്ക് ചികിത്സ ധനസഹായം (S0107/25) | ₹30,000 | 0 |
| | 2024-25 | ₹2,00,000 | ലൈഫ് ഭവനപദ്ധതി എസ്.സി.(S0115/25) | ₹2,00,000 | 0 |
| | 2024-25 | ₹1,00,000 | ലൈഫ് ഭവനപദ്ധതി എസ് ടി (S0058/25) | ₹1,00,000 | 0 |
| | 2024-25 | ₹57,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0015/25) | ₹57,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2024-25 | ₹2,55,000 | പാലിന് സബ്സിഡി (S0097/25) | ₹2,55,000 | 0 |
| | 2024-25 | ₹2,35,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0077/25) | ₹2,35,000 | 0 |
| | 2024-25 | ₹1,22,500 | നെൽക്കൃഷിക്ക് കൂലിച്ചെലവ് (S0041/25) | ₹1,22,500 | 0 |
| | 2024-25 | ₹4,000 | മില്ലറ്റ് ഗ്രാമം (S0088/25) | ₹4,000 | 0 |
| ആകെ | | ₹10,03,500 | - | ₹10,03,500 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഇല്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - കെ.യു. ആർ.ഡി.എഫ്.സി. | ₹91,58,808 | ₹14177669 | ₹2,33,36,477 | ₹20,69,316 | 0 | ₹2,12,67,161 |

ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം

| നമ്പർ | പേര് | തുക |
|---|---|---|
| 195/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,73,904 |
| 197/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,80,578 |
| 198/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,46,858 |

| | | |
|---|---|---|
| 196/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,51,718 |
| 199/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹7,341 |
| 200/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹8,917 |
| ആകെ | | ₹20,69,316 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | ₹27,54,055 |
| തൻവർഷം നിക്ഷേപിച്ച മുതൽ | 0 | ₹1,03,010 |
| തൻവർഷം നിക്ഷേപിച്ച പലിശ | ₹1,03,010 | |
| ആകെ | | ₹28,57,065 |
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ) | | ₹0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | ₹28,57,065 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ഏനാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | ₹28,57,065 | FD 12032/20/ 11.6.2020 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2023-24 | 1-12(7) | ₹2760 | ശ്രീഭദ്ര ബേക്കറി | 124600788, 124600790, 124600791, 124600792/ 26.7.2024 | 180400301 |
| **ആകെ** | | ₹2760 | | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്തവിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹6,49,00,689.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹5,12,35,541.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹341143.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹210000.00 | ശ്രീ. സി.വി. പൗലോസ്,സെക്രട്ടറി |
| 1-18 | ₹131143.00 | ഡോ.അഹിത .എ. ഖാദർ,<br>മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) |
| **ആകെ** | ₹341143.00 | -. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**-ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.വി. പൗലോസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>ആയവന<br>ഗ്രാമപഞ്ചായത്ത് | ചോലക്കാട്ട് ഹൗസ്,<br>ഈസ്റ്റ് മാറാടി പി.ഒ,<br>മൂവാറ്റുപുഴ, 686673 |

| | | |
|---|---|---|
| ഡോ.അഹിത .എ. ഖാദർ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ആയവന ഗ്രാമപഞ്ചായത്ത് | മുക്കാട-ഹൗസ്, മുടിക്കൽ, പെരുമ്പാവൂർ,683547 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)112/98 തീ. 16.04.98 |
| 1997-98 | എൽ.എഫ്.ഇ.(പി5)1028/02 തീ. 14.02.02 |
| 1998-99 | എൽ.എഫ്.ഇ.(പി5)848/03 തീ. 31.03.04 |
| 1999-00, 2000-01 | എൽ.എഫ്.ഇ.(പി5)342/06 തീ. 09.11.06 |
| 1997-98 | എൽ.എഫ്.ഇ.(പി5)1978/07 തീ.30.09.08 |
| 1998-99 | എൽ.എഫ്.ഇ.(പി5)1979/07 തീ. 30.09.08 |
| 1999-00 | എൽ.എഫ്.ഇ(പി5)1980/07 തീ. 30.09.08 |
| 2000-01 | എൽ.എഫ്.ഇ(പി5)1981/07 തീ. 30.09.08 |
| 2001-02 | എൽ.എഫ്.ഇ(പി5)1982/07 തീ. 30.09.08 |
| 2002-03 | എൽ.എഫ്.ഇ(പി5)811/10 തീ. 27.10.11 |
| 2003-04 | എൽ.എഫ്.ഇ(പി5)812/10 തീ. 27.10.11 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം പി8/190/21/30.3.21 |
| 2005-06 | കെ.എസ്.എ-ഇ.കെ.എം പി8/190/21/30.3.21 |
| 2006-07 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2010-11, 2011-12 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം പി8/719/21/29.7.19 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം പി.ജി/1071/20/6.2.21 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം പി8/250/20/17.6.20 |
| 2019-20 | കെ.എസ്.എ- ഇ.കെ.എം.(പി8)986/21 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം.പി8/987/2021 /13/09/2021 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം.പി8/ 1600/2022 /07/11/22 |

| | |
|---|---|
| 2022-23 | കെ.എസ്.എ-ഇ.കെ.എം.(പി8)/ 1507/2023 /04/12/23 |
| 2023-24 | കെ.എസ്.എ-ഇ.കെ.എം.(പി8)/1637/2024 /22/11/2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 02(01) dated 02(01) dated 23-05-2025 and submitted on 04-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Ayavana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Ayavana Grama Panchayat as on 31-03-2025

**Date: 17/11/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Ayavana Grama Panchayat for the Year 2024-2025.**

## 1.Major Observations

Nil

## 2.Other Observations

1. Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Net increase/ decrease in cash flow in the Cash Flow statement does not match with difference between opening balance and closing balance.

3. The asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

4. Property tax figures do not match between the annual financial statements and Sanchaya figures.

5. The value of Excess Of Income Over Expenditure is not match with the amount of Gross Surplus / (deficit) of income over expenditure after Prior Period Items in Income & Expenditure statement.

6. CFC Grant expenditure is mismatched between AFS and Sulekha expenditure statement.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്